REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-02-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിർത്തിവെച്ച ലോക്സഭാ നടപടികൾ പുനരാരംഭിച്ചു.**
- **സ്വാമി ദയാനന്ദ സരസ്വതിയുടെ ജന്മവാർഷികദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും സ്മരണാഞ്ജലി അർപ്പിച്ചു.**
- **കേരളത്തിന്റെ ഊർജ്ജസ്രോതസ്സായ ഇടുക്കി ജലവൈദ്യുത പദ്ധതിയ്ക്ക് ഇന്ന് അൻപതാം പിറന്നാൾ.**
- **രാഹുൽ മാങ്കൂട്ടത്തിലിന് ഒന്നാം ബലാത്സംഗ കേസിൽ ഹൈക്കോടതിയുടെ മുൻകൂർ ജാമ്യം.**
- **ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് നമീബിയയെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഉച്ചക്ക് 12 വരെ നിർത്തിവെച്ച ലോക്സഭാ നടപടികൾ പുനരാരംഭിച്ചു. സഭ സമ്മേളിച്ച ഉടനെ പ്രതിപക്ഷ അംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചതിനെ തുടർന്നാണ് സഭ നിർത്തിവെച്ചത്.

✪✪✪

ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്കെതിരെ കോൺഗ്രസും, പ്രതിപക്ഷ പാർട്ടികളും നൽകിയ അവിശ്വാസ പ്രമേയ നോട്ടീസ്, അടുത്ത മാസം ഒൻപതിന് ആരംഭിക്കുന്ന രണ്ടാം ഘട്ട ബജറ്റ് സമ്മേളനത്തിൽ പരിഗണിയ്ക്കും. നോട്ടീസിൽ ചില പോരായ്മകളുണ്ടെന്ന് ലോക്സഭാ സെക്രട്ടേറിയറ്റ്

കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നിരസിക്കാൻ സെക്രട്ടേറിയറ്റിന് അധികാരമുണ്ടെങ്കിലും, പോരായ്മകൾ പരിഹരിച്ച് നടപടി തുടരാൻ ഓം ബിർള തന്നെ ആവശ്യപ്പെടുകയായിരുന്നു.

✪✪✪

വരും മാസങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടത്തുന്ന കേരളം അടക്കം സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ, വോട്ടിംഗ് യന്ത്രങ്ങളെ പറ്റി സഞ്ചരിക്കുന്ന വിവരണ വാനുകൾ ഏർപ്പെടുത്തും. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം, VV പാറ്റ് എന്നിവയുടെ പ്രവർത്തനം വിശദമാക്കുന്ന സംവിധാനം വാനുകളിൽ ഉണ്ടായിരിക്കും.

✪✪✪

ഡൽഹിയിലെത്തിയെ തിരുവനന്തപുരം കോർപ്പറേഷൻ മേയറെയും കൗൺസിൽ അംഗങ്ങളെയും ആഭ്യന്തരമന്ത്രി അമിത്ഷാ നേരിൽ കാണും. ന്യൂഡൽഹിയിലെ BJP ആസ്ഥാനത്താണ് കൂടിക്കാഴ്ച.

✪✪✪

സ്വാമി ദയാനന്ദ സരസ്വതിയുടെ ജന്മവാർഷികദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും സ്മരണാഞ്ജലി അർപ്പിച്ചു. സമൂഹത്തിനും, രാജ്യത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിനും സ്വാമി ദയാനന്ദ സരസ്വതി വിലമതിക്കാനാവാത്ത മാർഗ്ഗനിർദ്ദേശം നൽകിയതായി രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

മുഴുവൻ ജീവിതവും അന്ധവിശ്വാസത്തിനും, ആഡംബരത്തിനും, സാമൂഹിക തിന്മകൾക്കും എതിരായ പോരാട്ടത്തിനായി സമർപ്പിച്ച മഹർഷിയാണ് ദയാനന്ദ സരസ്വതിയെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

ഇന്ത്യൻ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഉന്നമനത്തിനും സമ്പുഷ്ടീകരണത്തിനും ദയാനന്ദസരസ്വതി നൽകിയ സംഭാവനകൾ നിസ്തുലമാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ പറഞ്ഞു.

✪✪✪

CBSE ഈ വർഷം മുതൽ പന്ത്രണ്ടാം ക്ലാസ് പരീക്ഷാ പേപ്പറുകളുടെ മൂല്യനിർണ്ണയത്തിന് 'ഓൺ-സ്ക്രീൻ മാർക്കിംഗ്' രീതി നടപ്പിലാക്കും. മൂല്യനിർണയത്തിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും

ഉറപ്പാക്കാനാണ് നടപടി. എന്നാൽ പത്താം ക്ലാസ് പരീക്ഷാ പേപ്പറുകളുടെ മൂല്യനിർണ്ണയം പഴയതുപോലെ തുടരും.

പുതിയ മൂല്യനിർണ്ണയ രീതിയെ പറ്റി നാളെ രാവിലെ 11ന് CBSE വെബ്കാസ്റ്റ് നടത്തും. സ്ക്രീൻ മാർക്കിംഗിനെ കുറിച്ചും, പരീക്ഷാ രീതിയിലെ മാറ്റത്തെക്കുറിച്ചും വിശദവിവരങ്ങൾ വെബ്കാസ്റ്റിൽ ഉണ്ടായിരിക്കും. പത്താം ക്ലാസിലെ രണ്ടാമത്തെ ബോർഡ് പരീക്ഷയും അധികൃതർ പ്രഖ്യാപിച്ചു. ആവശ്യമെങ്കിൽ മാത്രം ബോർഡ് പരീക്ഷയെഴുതാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകിയിട്ടുണ്ട്.

✪✪✪

ദേശീയ ഉത്പാദനക്ഷമതാ വാരാചരണം ഇന്ന് മുതൽ. ദേശീയ ഉത്പാദനക്ഷമതാ കൗൺസിലിന്റെ നേതൃത്വത്തിലാണ് 68-ാമത് രൂപീകരണ ദിനത്തിന്റെ ഭാഗമായി വാരാചരണം സംഘടിപ്പിക്കുന്നത്.

✪✪✪

സംയുക്ത ട്രേഡ് യൂണിയനുകൾ പ്രഖ്യാപിച്ച 24 മണിക്കൂർ ദേശീയ പണിമുടക്ക് തുടരുന്നു. കഴിഞ്ഞ അർധരാത്രി ആരംഭിച്ച പണിമുടക്ക്, ഇന്ന് അർധ രാത്രിവരെ നീളും. ബസ്, ഓട്ടോ, ടാക്സി തൊഴിലാളികൾ പണിമുടക്കിൽ പങ്കെടുക്കുന്നുണ്ട്. KSRTC ബസുകളും സ്വകാര്യ ബസുകളും ഓടുന്നില്ല. ചിലയിടങ്ങളിൽ പണിമുടക്ക് അനുകൂലികൾ പോസ്റ്റ് ഓഫീസുകളും സ്കൂളുകളുമടക്കം നിർബന്ധിച്ച് അടപ്പിച്ചു.

ശബരിമല, മരാമൺ കൺവൻഷൻ, മഞ്ഞനിക്കര, തീർഥാടകരെ ദേശീയ പണിമുടക്ക് ബാധിക്കുന്നില്ല. പമ്പയിലേയ്ക്ക് KSRTC സർവീസ് നടത്തുന്നുണ്ട്.

✪✪✪

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രഥമ ബിരുദദാന ചടങ്ങ് നാളെ. കൊല്ലം ആശ്രാമം യൂനസ് കൺവെൻഷൻ സെന്ററിൽ ഗവർണർ രാജേന്ദ്രവിശ്വനാഥ് അർലേക്കർ ബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.

✪✪✪

ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ, കണ്ണൂർ കല്യാട്, ഈ മാസം 25 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി വീണ ജോർജ് അറിയിച്ചു. 100 കിടക്കകളോട് കൂടിയ ഗവേഷണ ആശുപത്രി, മാതൃകാ പേഷ്യന്റ് കെയർ സെന്റർ, താളിയോല പഠന കേന്ദ്രം, അഡ്വാൻസ്ഡ് മെഡിസിനൽ പ്ലാന്റ് നഴ്സറി എന്നിവ പദ്ധതിയിൽ ഉൾപ്പെടുമെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം സംസ്ഥാനത്ത് ദ്രുതഗതിയിൽ പൂർത്തീകരണത്തിലേക്ക് നീങ്ങുകയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ U ഖേൽക്കർ അറിയിച്ചു. 79 നിയോജക മണ്ഡലങ്ങളിൽ ഇതിനകം ഹിയറിങ്ങ് പൂർത്തിയായി. കണ്ണൂരിലും, പേരാവൂരിലും മാത്രമാണ് അഞ്ച് ശതമാനത്തിലേറെ ഹിയറിംഗ് നടപടികൾ ശേഷിക്കുന്നത്. കേരളത്തിലെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ, മുഴുവൻ വോട്ടർമാരുടെയും ഹിയറിംഗ് നടപടികൾ പൂർത്തിയായതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

കേരളത്തിന്റെ ഊർജ്ജസ്രോതസ്സായ ഇടുക്കി ജലവൈദ്യുത പദ്ധതിയ്ക്ക് ഇന്ന് അൻപതാം പിറന്നാൾ. 1976 ഫെബ്രുവരി 12-ന് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണ് ഇടുക്കി അണക്കെട്ട് രാഷ്ട്രത്തിന് സമർപ്പിച്ചത്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ..

........വോയ്സ്........

കുറവൻ - കുറത്തി മലകളെ ബന്ധിപ്പിച്ച് പെരിയാറിന് കുറുകെ നിർമ്മിച്ച ഏഷ്യയിലെ ആദ്യത്തെ ആർച്ച് ഡാമിന് ഇന്ന് അൻപത് വയസ്സ് തികയുന്നു. 1932-ൽ കൊലുമ്പൻ എന്ന ഗോത്രത്തലവൻ കാട്ടിക്കൊടുത്ത മലയിടുക്കുകളിൽ കാനഡയുടെ സാങ്കേതിക സഹായത്തോടെയാണ് നിർമ്മാണം പൂർത്തിയാക്കിയത്. ആർച്ച് ഡാമിനൊപ്പം ചെറുതോണി, കുളമാവ് അണക്കെട്ടുകളും ചേരുന്നതാണ് ഈ ബൃഹദ് പദ്ധതി.

നാടുകാണി മലയുടെ ഉള്ളറയിലുള്ള മൂലമറ്റം പവർ ഹൗസ് രാജ്യത്തെ ഏറ്റവും വലിയ ഭൂഗർഭ വൈദ്യുതി നിലയമാണ്. സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോഴും, പദ്ധതിയുടെ രണ്ടാം ഘട്ട വിപുലീകരണത്തിനായുള്ള കാത്തിരിപ്പിലാണ് ഇടുക്കി. 800 മെഗാവാട്ട് കൂടി അധികമായി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന എക്സ്റ്റൻഷൻ പദ്ധതി പൂർത്തിയാകുന്നതോടെ ഇടുക്കിയുടെ ആകെ ശേഷി 1580 മെഗാവാട്ടായി ഉയരും. സാങ്കേതിക തികവിന്റെ അൻപത് വർഷങ്ങൾ പിന്നിടുമ്പോഴും കേരളത്തിന്റെ ഊർജ്ജ ഭൂപടത്തിൽ ഇടുക്കി ഇന്നും വിസ്മയമായി തുടരുന്നു.

✪✪✪

ഇടുക്കി ഡാമിൽ കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ നേതൃത്വത്തിൽ ലേസർ ഷോ നാളെ ആരംഭിക്കും. രാവിലെ മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും.

✪✪✪

കൊല്ലം റയിൽവേ സ്റ്റേഷനിൽ നിർമ്മിച്ച മൾട്ടിലെവൽ കാർപാർക്കിങ്ങ് കെട്ടിടസമുച്ചയം മറ്റന്നാൾ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

കൊല്ലം റെയിൽവേ സ്റ്റേഷനെ നിത്യവും ആശ്രയിക്കുന്ന നൂറ് കണക്കിന് വാഹനഉടമകൾക്ക് ആശ്വാസകരമാണ് മൾട്ടി ലവൽ കാർപാർക്കിങ്ങ് സൗകര്യം.

✪✪✪

പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര കോഴിക്കോട് തിരുവമ്പാടിയിൽ എത്തി. ജില്ലയിലെ പര്യടനത്തിന് സമാപനം കുറിച്ച് വൈകീട്ട് അഞ്ചിന് മുതലക്കുളത്ത് നടക്കുന്ന പൊതുസമ്മേളനം കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി P K കുഞ്ഞാലിക്കുട്ടി മുഖ്യപ്രഭാഷണം നടത്തും. കോഴിക്കോട്ട് രാവിലെ നടത്തിയ സംവാദ സദസിൽ വിവിധ മേഖലയിലുള്ളവർ അവരവരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചു.

✪✪✪

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന LDF ഉത്തരമേഖലാ വികസനമുന്നേറ്റ ജാഥ ദേശീയ പണിമുടക്കിന്റെ പശ്ചാത്തലത്തിൽ ഇന്നത്തെ പര്യടനം നിർത്തിവെച്ചു. ജാഥ മറ്റന്നാൾ വരെ മലപ്പുറം ജില്ലയിൽ പര്യടനം നടത്തും.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 880 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 16,160 രൂപയായി. ഗ്രാമിന് 14,520 രൂപയിലാണ് ഇന്ന് വ്യാപാരം.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA യ്ക്ക് എതിരായ ആദ്യ ബലാത്സംഗ കേസിൽ ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചു. കർശന ഉപാധികളോടെയാണ് ഹൈക്കോടതി സിംഗിൾ ബെഞ്ച് മുൻകൂർ ജാമ്യം അനുവദിച്ചത്. തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതി മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിന് പിന്നാലെയാണ് രാഹുൽ ഹൈക്കോടതിയെ സമീപിച്ചത്. രണ്ടും മൂന്നും കേസുകളിൽ രാഹുലിന് നേരത്തെ ജാമ്യം ലഭിച്ചിരുന്നു.

✪✪✪

ശബരിമല സ്വർണമോഷണക്കേസിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നിർദേശപ്രകാരം ഇന്ന് സന്നിധാനത്ത് വീണ്ടും പ്രത്യേക അന്വേഷകസംഘം പരിശോധന നടത്തി. ശ്രീകോവിലിന്റെ എല്ലാ ഭാഗത്തേയും സ്വർണത്തിന്റെ സാമ്പിൾ സംഘം ശേഖരിക്കും.

✪✪✪

കുംഭമാസ പൂജകൾക്കായി, ശബരിമലയിൽ  വൈകിട്ട് നട  തുറക്കും. ദേശീയ പണിമുടക്ക് തീർഥാടകരെ ബാധിക്കില്ല.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ...

..........വോയ്സ്........

ഇന്ന് വൈകിട്ട് 5ന് മേൽശാന്തി ഇ.ഡി.പ്രസാദ് നമ്പൂതിരി നട തുറന്ന് ദീപം തെളിക്കും. ഇന്ന് പൂജകൾ ഒന്നുംതന്നെ ഉണ്ടാവില്ല. കുംഭം ഒന്നായ നാളെ രാവിലെ അഞ്ചിനു നടതുറന്ന് 5.30ന് അഷ്ടദ്രവ്യ മഹാഗണപ തി ഹോമത്തോടെ പൂജകൾ ആരംഭിക്കും. 17 ന് രാത്രി 10ന് നട അടയ്ക്കും വരെ എല്ലാ ദിവസവും രാവിലെ 5.30 മുതൽ 10 വരെ നെയ്യഭിഷേകവും തുടർന്ന് ഉദയാസ്തമനപൂജ, പടിപൂജ, കളഭാഭിഷേകം തുടങ്ങിയ വിശേഷാൽ പൂജകൾ ഉൾപ്പെടെയുള്ള എല്ലാ പൂജകളും നടക്കും. ദർശന ത്തിനു വരുന്ന തീർഥാടകർ വെർച്വൽ ക്യൂ ബുക്കു ചെയ്യണം.

ഇന്ന് 30,000 പേർക്കും 13 മു തൽ 17 വരെയുള്ള ദിവസങ്ങ ളിൽ പ്രതിദിനം 50,000 പേർക്കു മാണ് വെർച്വൽ ക്യൂ വഴി ദർശ നം അനുവദിച്ചിട്ടുള്ളത്. ഇന്നു നടക്കുന്ന ദേശീയ പണി മുടക്കിൽ നിന്നു ശബരിമല തീർ ഥാടകരെ ഒഴിവാക്കിയിട്ടുണ്ട്. പമ്പയ്ക്കുള്ള കെഎസ്ആർടിസി ബസുകൾ തടസ്സമില്ലാതെ സർ വീസ് നടത്തുന്നുണ്ട്. ഇന്ന് ദേശീയ പണിമുടക്ക് ആയതിനാൽ ദേവസ്വം ജീവനക്കാരും കച്ചവടക്കാ രും ഇന്നലെ തന്നെ പമ്പയിലും സന്നിധാനത്തും എത്തിയിട്ടുണ്ട്. പമ്പ- നിലയ്ക്കൽ ചെയിൻ സർവീസിനുള്ള ബസുകളും കെഎസ്ആർടിസി പമ്പയിൽ എത്തിച്ചിട്ടുണ്ട്.

✪✪✪

ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യ ഇന്ന് നമീബിയയെ നേരിടും. വൈകിട്ട് ഏഴിന് ഡൽഹിയിലാണ് മത്സരം.

ഇന്നത്തെ ആദ്യ മത്സരത്തിൽ കൊളംബൊ പല്ലക്കലെ സ്റ്റേഡിയത്തിൽ ശ്രീലങ്കക്കെതിരെ ടോസ് നേടിയ ഒമാൻ  ഫീൽഡിങ് തെരഞ്ഞെടുത്തു. ബാറ്റിംഗ് ആരംഭിച്ച  ശ്രീലങ്ക ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ നാല് പന്തുകൾ മാത്രം ശേഷിക്കെ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 213 റൺസെന്ന നിലയിലാണ്.

ഉച്ചകഴിഞ്ഞ് മൂന്നിന് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ ഇറ്റലി, നേപ്പാളുമായി മത്സരിക്കും.

✪✪✪

FIH പ്രോ ലീഗ് പുരുഷ ഹോക്കിയിൽ വൈകിട്ട് ഏഴരയ്ക്ക് ഇന്ത്യ, അർജ്ജന്റീനയെ നേരിടും. ഞായറാഴ്ച അവസാന പാദത്തിൽ ഇന്ത്യ, അർജ്ജന്റീനയുമായി ഏറ്റുമുട്ടും.

✪✪✪

*News Editor : പി ചന്ദ്രബാബു,*
*News Reader:  സയ്യിദ് അലി ശിഹാബ്,*
*NRTS :അനിൽ ചന്ദ്രൻ, സബിത കെ*
*DEO: സി കെ സുബോധ്*